**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 310** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>2011-16 കാലത്തെ ഭവന പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ദീപക് ജോയ്

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** 2011-16 കാലയളവിലെ സർക്കാർ ഭവന പദ്ധതികളുടെ ഭാഗമായി ഭവനരഹിതർക്കായി ആകെ എത്ര വീടുകൾ നിർമ്മിച്ച് നൽകി എന്നതിന്റെ വിശദാംശങ്ങളും ഇതിൽ ജനറൽ, എസ്.സി, എസ്.ടി വിഭാഗങ്ങളുടെ കണക്കുകൾ പ്രത്യേകം തിരിച്ചുള്ള ലിസ്റ്റും ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 2011-2016 കാലയളവിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കിയിരുന്ന BSUP, IHSDP, RAY പദ്ധതികൾ മുഖേന ആകെ 10276 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. ആയതിൽ ജനറൽ വിഭാഗത്തിൽപ്പെട്ട 8774 പേരും എസ്.സി വിഭാഗത്തിൽപ്പെട്ട 1483 പേരും എസ്.ടി വിഭാഗത്തിൽപ്പെട്ട 19 പേരും ഉൾപ്പെടുന്നു. 2011-16 കാലയളവിൽ IAY ഭവന നിർമാണ പദ്ധതിപ്രകാരം സംസ്ഥാനത്താകെ ജനറൽ വിഭാഗത്തിന് 1,39,256 വീടുകളും, എസ്.സി വിഭാഗത്തിന് 96570 വീടുകളും എസ്.ടി വിഭാഗത്തിന് 15480 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിലെ മറ്റ് ഭവന പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വരുന്നു.

**(ബി)** ഈ കാലയളവിൽ ഭവന പദ്ധതിയുടെ ഭാഗമായി ഭൂമി നൽകിയതിന്റെ കണക്കുകൾ ലഭ്യമാക്കാമോ; ഇതിൽ ജനറൽ, എസ്.സി, എസ്.ടി വിഭാഗങ്ങളുടെ പ്രത്യേകം തിരിച്ചുള്ള ലിസ്റ്റ് നൽകാമോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ച് വരുന്നു.

**(സി)** ഇക്കാലയളവിൽ ഏതൊക്കെ ഭവന പദ്ധതികളാണ് ഉണ്ടായിരുന്നത് എന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** വിവരം ശേഖരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**